

# വ്യവസായ കേരളം

കേരളപ്പിറവി ആശംസകൾ

Newsletter of
DIRECTORATE OF
INDUSTRIES & COMMERCE
Government of Kerala



95

www.industry.kerala.gov.in

01 NOVEMBER 2025







# നേട്ടത്തിലേക്കൊരു നോട്ടം

## നവകേരളത്തിലേക്ക് ഉറച്ച ചുവടുകളുമായി 'വിഷൻ 2031' വ്യവസായ സെമിനാർ

കേരളത്തിന്റെ വ്യാവസായിക വികസന രൂപരേഖ രൂപപ്പെടുത്തുന്നതിനും വിലയിരുത്തുന്നതിനുമായി വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'വിഷൻ 2031' സെമിനാർ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി രാജീവ് ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ സാമ്പത്തിക, സാമൂഹിക മേഖലകളിലെ പുരോഗതിയും ഭാവിസാധ്യതകളും മുന്നിൽ കണ്ട് വ്യാവസായിക പശ്ചാത്തലം രൂപപ്പെടുത്താനുള്ള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ ശ്രമങ്ങളിലെ സുപ്രധാന നാഴികക്കല്ലായി മാറുന്നതായിരുന്നു വിഷൻ 2031 വ്യവസായ സെമിനാർ.

വിഷൻ 2031 ഡോക്യുമെന്റ് അവതരണവും പ്രസ്തുത പരിപാടിയോടനുബന്ധമായി ബഹു. മന്ത്രി നിർവ്വഹിച്ചു. ചടങ്ങിൽ ബഹു. കഴക്കൂട്ടം എം. എൽ. എ. ശ്രീ. കടകംപള്ളി സുരേന്ദ്രൻ അധ്യക്ഷത വഹിച്ചു. കഴിഞ്ഞ ഒമ്പത് വർഷത്തെ വ്യവസായ വകുപ്പിന്റെ നേട്ടങ്ങളെക്കുറിച്ചുള്ള അവതരണം വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്. നിർവഹിച്ചു. ബിപിസിഎൽ സിഎംഡി ശ്രീ. സഞ്ജയ് ഖന്ന മുഖ്യപ്രഭാഷണം നടത്തി.

വ്യവസായ വാണിജ്യ ഡയറക്ടറും കെഎസ്ഐഡിസി മാനേജിംഗ് ഡയറക്ടറുമായ ശ്രീ. വിഷ്ണുരാജ് പി. ഐ.എ.എസ്.; വ്യവസായ വാണിജ്യ വകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയും കയർ വകുപ്പ് ഡയറക്ടറുമായ ശ്രീമതി ആനി ജുലാ തോമസ് ഐ.എ.എസ്., കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികൃഷ്ണൻ ആർ. ഐ. ആർ. ടി. എസ്., കിൻഫ്ര എം.ഡി ശ്രീ. സന്തോഷ് കോശി തോമസ് എന്നിവരും ചടങ്ങിൽ സംബന്ധിച്ചു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെഎസ്ഐഡിസി), കിൻഫ്ര, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്) എന്നിവയുമായി സഹകരിച്ചാണ് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ഏകദിന സെമിനാർ സംഘടിപ്പിച്ചത്. തിരുവനന്തപുരം കഴകൂട്ടം അൽ സാജ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിലെ 3 വേദികളിലായി വിഷൻ 2031, പൊതുമേഖലാ സ്ഥാപനങ്ങൾ, പരമ്പരാഗത മേഖല, റാംപ്/സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ എന്നിങ്ങനെ 4 പ്രധാന വിഷയമേഖലകളായി തരംതിരിച്ചാണ് ഭാവികാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിനായി പാനൽ ചർച്ചകളും ഒരുക്കിയിരുന്നു.

കേരളത്തിന്റെ സാമ്പത്തിക, സാമൂഹിക മേഖലകളിലെ പുരോഗതിയും ഭാവിസാധ്യതകളും മുന്നിൽക്കണ്ട് വ്യാവസായിക ദർശനം രൂപപ്പെടുത്താനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങളിലെ സുപ്രധാന നാഴികക്കല്ലായിരുന്നു ഈ സെമിനാർ. 2031 ഓടെ കേരളത്തെ പുരോഗമനപരവും വികസിതവുമായ സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 33 വിഷയങ്ങളെ അടിസ്ഥാനമാക്കി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന 'വിഷൻ 2031' സെമിനാറുകളുടെ ഭാഗമായാണ് വ്യവസായ വകുപ്പ് 2025 ഒക്ടോബർ 23 ന് തിരുവനന്തപുരം കഴക്കൂട്ടം അൽ സാജ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വിഷൻ 2031 വ്യവസായ സെമിനാർ സംഘടിപ്പിച്ചത്.




സെമിനാറിനോട് അനുബന്ധിച്ചു നടന്ന
വിവിധ വ്യവസായ സംബന്ധമായ സെമിനാറുകളിൽ നിന്ന്...

# പാരമ്പര്യ നെയ്ത്തിന് പുതു പാത ഒരുക്കി
# കൈത്തറി കോൺക്ലേവ്

കൈത്തറി കോൺക്ലേവ്
16 ഒക്ടോബർ, 2025
റബ്കോ ആഡിറ്റോറിയം കണ്ണൂർ



സംസ്ഥാന കൈത്തറി മേഖലയിലെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താനും പാരമ്പര്യവും ആധുനികതയും സംയോജിപ്പിച്ച് മേഖലയുടെ നിലനിൽപ്പിനും വളർച്ചയ്ക്കുമായി സംസ്ഥാന വ്യവസായ വകുപ്പ് ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റുമായി ചേർന്ന് സംഘടിപ്പിച്ച കൈത്തറി കോൺക്ലേവ് 2025 പാരമ്പര്യ നെയ്ത്തിന് പുതു പാത ഒരുക്കുന്നതിന്റെ കാഹളമായി. കണ്ണൂർ റബ്കോ ഓഡിറ്റോറിയത്തിൽ 2025 ഒക്ടോബർ 16 ന് സംഘടിപ്പിച്ച ഏകദിന കോൺക്ലേവ് ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിന്റെ സമാപന ഘട്ടം ബഹു. നിയമസഭാ സ്പീക്കർ ശ്രീ. എ.എൻ ഷംസീർ ഉദ്ഘാടനം ചെയ്തു.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് തയ്യാറാക്കിയ കൈത്തറി വിദഗ്ധ സമിതി റിപ്പോർട്ട് കോൺക്ലേവിൽ അവതരിപ്പിച്ചു. കൈത്തറി, കയർ, കശുവണ്ടി മേഖലകളുടെ സമഗ്ര ഉന്നമനത്തിനായി സർക്കാർ വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. വെല്ലുവിളികൾ നേരിട്ട് എങ്ങനെ മുന്നോട്ടു പോകാമെന്നാണ് സമിതി പഠിക്കുന്നത്. വിദഗ്ധസമിതിയുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി വൈവിധ്യവൽകരണം നടപ്പാക്കുമെന്ന് കോൺക്ലേവ് ഉദ്ഘാടനം ചെയ്ത് ബഹു. മന്ത്രി പറഞ്ഞു.

മേഖലയിലെ ഉന്നമനം സംബന്ധിച്ച് സമഗ്ര ചർച്ചക്ക് സംസ്ഥാന കൈത്തറി കോൺക്ലേവ് വഴിയൊരുക്കി. കൈത്തറി - പുതിയ കാലം, പുതിയ സമീപനം; കൈത്തറി മേഖല; വെല്ലുവിളികളും ബദൽ മാർഗങ്ങളും എന്നീ വിഷയങ്ങളിൽ ചർച്ചകൾ നടന്നു. കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനും മൂല്യ വർധിത ഉൽപന്നങ്ങൾ നിർമിച്ച് മേഖലയെ കാലോചിതമായി ശക്തിപ്പെടുത്തുന്നതിനുമുള്ള മാർഗങ്ങൾ സ്വീകരിക്കേണ്ടതിന്റെ അനിവാര്യത ചർച്ചകളിൽ പ്രതിപാദിച്ചു.

ബഹു. അഴീക്കോട് എംഎൽഎ ശ്രീ. കെ.വി സുമേഷ് , വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ പി എം മുഹമ്മദ് ഹനീഷ് ഐ.എ. എസ്., ഹാൻവീവ് ചെയർമാൻ ശ്രീ. ടി. കെ ഗോവിന്ദൻ മാസ്റ്റർ, കൈത്തറി വസ്ത്ര ഡയറക്ടർ ഡോ. കെ.എസ് കൃപകുമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ഒന്നിൽ നിന്ന് പത്തിലേക്ക് ബാക്കി പിന്നാലെ

## കേരള ബ്രാൻഡ്: 10 പുതിയ ഉത്പന്നങ്ങൾ ഉൾപ്പെടുത്തി

ഭക്ഷ്യ - ഭക്ഷ്യേതര മേഖലകളിൽ നിന്നായി സംസ്ഥാനത്ത് നിർമിക്കുന്ന പത്ത് ഉത്പന്നങ്ങൾ കേരള ബ്രാൻഡിൽ വിപണിയിലെത്തും. നിലവിൽ വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകൾക്കായി നടപ്പിലാക്കി വിജയിച്ച പൈലറ്റ് പദ്ധതിയുടെ തുടർച്ചയായാണ് ഈ നീക്കം. രണ്ടുവർഷംമുൻപ് വെളിച്ചെണ്ണയ്ക്ക് കേരള ബ്രാൻഡ് മാനദണ്ഡം നിശ്ചയിച്ചിരുന്നു. താലൂക്ക്,സംസ്ഥാനതല സമിതികളുടെ പരിശോധനകൾക്കുശേഷമാണ് 'കേരള ബ്രാൻഡ്' അനുവദിക്കുന്നത്. രണ്ടുവർഷത്തേക്കാണ് അനുമതി.

കാർഷിക - ഭക്ഷ്യ ഉത്പന്നങ്ങളായ കാപ്പി, തേയില, തേൻ, ശുദ്ധീകരിച്ച നെയ്യ്, കുപ്പികളിലാക്കിയ ശുദ്ധജലം, കന്നുകാലിത്തീറ്റ എന്നിവയ്ക്ക് ഒപ്പം, വ്യാവസായിക ഉത്പാദന മേഖലയിൽ സുപ്രധാനമായ പ്ലൈവുഡ്, പാദരക്ഷകൾ, പി.വി.സി. പൈപ്പുകൾ, സർജിക്കൽ റബ്ബർ ഗ്ലൗസ് എന്നീ ഉത്പന്നങ്ങളുമാണ് പുതിയതായി ഉൾപ്പെടുത്തിയത്. ഈ ഉത്പന്നങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സെലക്ഷൻ മാനദണ്ഡങ്ങൾ സംസ്ഥാനതല സമിതി അംഗീകരിച്ചിട്ടുണ്ട്.

കേരള ഉത്പന്നങ്ങൾക്ക് ഗുണമേന്മ, ധാർമ്മിക നിലവാരം, ഉത്തരവാദിത്തമുള്ള വ്യാവസായിക മാനദണ്ഡങ്ങൾ എന്നിവ ഉറപ്പാക്കി ആഗോള വിപണിയിൽ 'മെയ്ഡ് ഇൻ കേരള' എന്ന ആധികാരിക മുദ്ര നൽകാനുള്ള വിപുലമായ ശ്രമത്തിന്റെ ഭാഗമായാണ് കേരള ബ്രാൻഡ് പദ്ധതി വിഭാവനം ചെയ്തു നടപ്പാക്കി വരുന്നത്.






# വ്യവസായ വികസനത്തിന് പുതിയ നയം: മൂന്ന് പുതിയ നയങ്ങളും ചട്ടക്കൂടും പ്രഖ്യാപിച്ചു

സംസ്ഥാനത്തിന്റെ വ്യവസായ മുന്നേറ്റത്തിന് കൂടുതൽ കരുത്തുപകരുന്ന മൂന്ന് പുതിയ നയങ്ങളും ചട്ടക്കൂടും പ്രഖ്യാപിച്ചു. 2023ൽ അംഗീകരിച്ച വ്യവസായനയത്തിന്റെ തുടർച്ചയായി വ്യത്യസ്ത മേഖലകളെ ഉൾക്കൊള്ളുന്ന ഉപമേഖലാ നയങ്ങളും ചട്ടക്കൂടുമാണ് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പ്രഖ്യാപിച്ചത്. കേരള കയറ്റുമതി പ്രോത്സാഹന നയം, ലോജിസ്റ്റിക് നയം, ഇഎസ്ജി (എൻവയോൺമെന്റ്, സോഷ്യൽ ആൻഡ് ഗവേണൻസ്) നയം, കേരള ഹൈടെക് വ്യവസായ ചട്ടക്കൂട് എന്നിവയാണ് പ്രഖ്യാപിച്ചത്.

വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്.; വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും കെഎസ്ഐഡിസി മാനേജിംഗ് ഡയറക്ടറുമായ ശ്രീ. വിഷ്ണുരാജ് പി. ഐ.എ .എസ്.; കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികൃഷ്ണൻ ആർ. ഐ. ആർ. ടി. എസ്.; കിൻഫ്ര എം.ഡി ശ്രീ. സന്തോഷ് കോശി തോമസ്, കെബിപ് സിഇഒ ശ്രീ. സൂരജ് എസ്. എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

# പ്രതിരോധ മേഖലയിലേക്ക് കെൽട്രോണിന്റെ സംഭാവന



പ്രതിരോധ വിപണിയിലേക്കുള്ള ഇലക്ട്രോണിക് ഉൽപന്നങ്ങൾ വികസിപ്പിക്കാൻ ലക്ഷ്യമിട്ട് രൂപീകരിച്ച കെൽട്രോൺ ക്രാസ്നി ഡിഫൻസ് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് (കെകെഡിഎസ്) കമ്പനിയുടെ ഇലക്ട്രോണിക് ഇന്റഗ്രേഷൻ ബേയുടെ ശിലാസ്ഥാപനം ആലപ്പുഴ ജില്ലയിലെ അരൂർ കെൽട്രോണിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി രാജീവ് നിർവഹിച്ചു.

പ്രതിരോധ മേഖലയിലെ കെൽട്രോണിന്റെ പുതിയ ചുവടുവെപ്പാണ് കെകെഡിഎസ്. ജലത്തിനടിയിൽ പ്രവർത്തിക്കുന്ന പ്രതിരോധ ഇലക്ട്രോണിക് സംവിധാനങ്ങളുടെ നിർമ്മാണ മേഖലയിൽ കെൽട്രോണിന്റെ മികച്ച സാങ്കേതിക ശേഷികൾ ഉപയോഗപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. വിഷൻ 2031ന്റെ ഭാഗമായി 2000 കോടി രൂപയുടെ വിറ്റുവരവ് ലക്ഷ്യമിട്ടാണ് കെൽട്രോൺ പ്രവർത്തനങ്ങൾ മുന്നേറുന്നത്.


Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.